

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**29 November 2019**

**02 Rabi'ul Aakhir 1441 AH**

# GHIBBAT… SOME HADITHS (PART 7)

## പരദൂഷണം… ചില പ്രവാചക വചനങ്ങൾ (ഭാഗം 7)

സലാമിനു ശേഷം ഹ്രസത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പരദൂഷണം… ചില പ്രവാചക വചനങ്ങൾ (ഭാഗം 7)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദു ലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ഇന്ന് ഞാൻ ഗീയ്ബത്ത് എന്ന വിഷയം വീണ്ടും ആരംഭിക്കുകയാണ്. ഗീയ്ബത്ത് അഥവാ പരദൂഷണം എന്ന വിഷയത്തെ സംബന്ധിച്ച്, മുൻപ് ഞാൻ പറഞ്ഞിരുന്നതുപോലെ, ഈ വിഷയം സംബന്ധമായുള്ള ചില പ്രവാചക വചനങ്ങളുമായാണ് ഇന്ന് ഞാൻ നിങ്ങളുടെ മുൻപാകെ നില്ക്കുന്നത്.

നാം മനസ്സിലാക്കേണ്ട് ഒരു കാര്യമാണ്, ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലാണെങ്കിൽ പോലും, നാം വളരെയധികം സൂക്ഷ്മത പാലിക്കുന്നവരായിരിക്കണം, ഇല്ലെങ്കിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ വചനങ്ങൾ നാം യഥാവിധി ആയിരിക്കില്ല റിപ്പോർട്ട് ചെയ്യുന്നത്. ഉദാഹരണമായി പറഞ്ഞാൽ !

ഹ്രസത് അബൂഹുറൈറ(റ) വിവരിച്ചരിക്കുന്നു. അതായത് ഹ്രസത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞിരിക്കുന്നു. രണ്ടു നാക്കുകളുള്ള ആളുകളാണ് ഏറ്റവും മോശപ്പെട്ട ആളുകൾ. അതുകൊണ്ട് അർത്ഥമാക്കുന്നത് ഒരുവൻ ഇവിടെ വരുന്നു എന്നിട്ട് എന്തെങ്കിലും പറയുന്നു, എന്നിട്ടവൻ മറ്റൊരിടത്തു പോകുന്നു എന്നിട്ടവൻ അവന് തോന്നിയത് അവിടെ പറയുന്നു. (അതായത് യഥാർത്ഥമായ കാര്യമായിരിക്കില്ല അവൻ അവിടെ പറയുന്നത്)

മറ്റൊരുവാക്കിൽ പറഞ്ഞാൽ അവൻ ഒരു കപടവിശ്വാസിയാണ്, വാർത്തകൾ പരത്തുന്നവനാണവൻ അതായത് അതുമിതും പറഞ്ഞുനടക്കുന്നവൻ, കള്ളം പറഞ്ഞുനടക്കുന്നവൻ. ഇങ്ങനെ അതുമിതും പറഞ്ഞു നടക്കുന്ന കപടൻ, കഥമെനഞ്ഞു നടക്കുന്നവൻ, അവൻ വാർത്തകൾ വേറൊരാൾക്ക് എത്തിക്കുന്നവനെ പോലെയാണ്, പ്രസ്തുത വാർത്തയെ വളച്ചൊടിച്ചായിരിക്കും എത്തിക്കുന്നത്. യഥാർത്ഥത്തിൽ പറഞ്ഞവാക്കുകളായിരിക്കില്ല അവൻ പറയുന്നത്. അതിനെ അവൻ വളച്ചൊടിച്ച് വികൃതമാക്കിയിരിക്കും. അവൻ അതു പറയുന്നത്, അതിനെ അവൻ മനസ്സിലാക്കിയ രീതിയിലായിരിക്കും-യഥാർത്ഥമായ നിലയിലായിരിക്കില്ല. പ്രസ്തുത വാക്കുകൾക്ക് യഥാർത്ഥത്തിൽ പറഞ്ഞതുമായിട്ടു സാദൃശ്യമുണ്ടായിരിക്കും, അർത്ഥവും ദ്യോതിപ്പിക്കുന്നുണ്ടായിരിക്കും. അതുകൊണ്ട് പരിഭാഷകൾ നല്കുമ്പോൾ നാം വളരെയധികം ജാഗ്രതപുലർത്തുന്നവരായിരിക്കണം, നാം പ്രധാനമായും ചെയ്യേണ്ട പ്രഥമ കാര്യം ശരിയായ നിലയിലായിരിക്കണം പ്രസ്തുത കാര്യം പറയേണ്ടത് എന്നിട്ട് നമുക്ക് പ്രസ്താവിക്കാവുന്നതാണ്, ഇതുകൊണ്ടർത്ഥമാക്കുന്നത് ഇന്ന ഇന്ന കാര്യങ്ങളാണ് (അതായത് യഥാർത്ഥ പരിഭാഷ നല്കുക/യഥാർത്ഥ വാക്കുകളുടെ അർത്ഥം നല്കുക/എന്നിട്ട് നിങ്ങൾക്ക് അത് വിശദീകരിക്കാവുന്നതാണ്)

ഈ നിലയിൽ ഈ പ്രവാചകവചനത്തെ കൂടുതൽ പരിശോധനാ വിധേയമാക്കുമ്പോൾ നമുക്ക് മനസ്സിലാകും അദ്ദേഹം ഉപയോഗിച്ച വാക്കുകൾ യഥാർത്ഥത്തിൽ ഹസ്രത് മുഹമ്മദ് മുസത്ഫ(സ) ഉപയോഗിച്ച വാക്കുകളല്ല എന്ന്! അതായത് അദ്ദേഹത്തിന്റെ ഹദീസിൽ, നാം അത് സൂക്ഷ്മ വിശകലനം നടത്തുമ്പോൾ കാണുന്നത് എന്താണ്, അദ്ദേഹം യഥാർത്ഥത്തിൽ ഉപയോഗിച്ച വാക്കുകളല്ല അദ്ദേഹം അവിടെ ഉപയോഗിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നതാണ്. യഥാർത്ഥത്തിൽ ഹദീസ് ഇപ്രകാരമായിരുന്നു.

അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു ദൈവദൂതൻ(സ) പറഞ്ഞു. ജനങ്ങളിൽ ഏറ്റവും മോശപ്പെട്ടവൻ, തീർച്ചയായും രണ്ട് മുഖങ്ങൾ ഉള്ളവനാണ്. അവൻ ഒരിടത്തു വരുമ്പോൾ ഒരു മുഖമായിരിക്കും, മറ്റൊരിടത്തു പോകുമ്പോൾ അവന് മറ്റൊരു മുഖമായിരിക്കും (ബുഖാരി, മുസ്ലിം)

ഈ ഹദീസിൽ നിന്നും നാം എത്തിച്ചേരുന്ന വസ്തുത ഇതാണ്. ആദ്യം ഉപയോഗിച്ച വാക്കുകൾ ഇതിന്റെ അർത്ഥവുമായി വളരെ അടുത്തു നില്ക്കുന്നതാണ്; അതേകാര്യം തന്നെയാണ് അതായത് രണ്ടു മുഖവും, രണ്ട് നാക്കുകളും, രണ്ട് വായ്കളും. എന്നാൽ യഥാർത്ഥത്തിൽ ഉപയോഗിച്ച വാക്കുകൾ എന്താണ്? അത് രണ്ടു മുഖങ്ങൾ എന്നാണ്.

ഇതുപോലെ, ഹദീസുകളുടെ സന്ദർഭത്തിന് പുറത്തേക്ക്, ഹദീസിനെ പറ്റി പ്രചരിപ്പിക്കുന്നവർ, ആണാകട്ടെ പെണ്ണാകട്ടെ, അവർ പ്രചരിപ്പിക്കുന്നു. ഇതുപോലെ ഒരാളെപറ്റിയുള്ള വാർത്തകൾ, അതോടൊപ്പം എന്തെങ്കിലും കൂട്ടിചേർക്കുകയോ, അഥവാ അതിൽ നിന്ന് എന്തെങ്കിലും നീക്കം ചെയ്യുകയോ ചെയ്യുന്നു. യഥാർത്ഥത്തിൽ സംസാരിച്ചതിൽ നിന്ന് അല്പസ്വല്പം മാറ്റം വരുത്തുന്നു. അങ്ങനെ അയാൾ യഥാർത്ഥത്തിൽ സംസാരിച്ച വാക്കുകൾക്ക് മാറ്റം വരുത്തുന്നു. അങ്ങനെ യഥാർത്ഥ അർത്ഥത്തിന് മാറ്റം സംഭവിക്കുന്നു.

ഇപ്പോൾ നാം ഈ ഹദീസ് അവലോകനം ചെയ്യുമ്പോൾ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഏറ്റവും മോശപ്പെട്ടവരെ കുറിച്ച് പരാമർശിച്ച വാക്കുകൾ, രണ്ട് മുഖങ്ങൾ എന്നായിരുന്നു. അതിന്റെ കാരണം, രണ്ട് മുഖങ്ങൾ ആകുന്നതിലൂടെയുള്ള ശാപം, അത് ഒറ്റികൊടുക്കലാണ്. (ഒരാൾ മറ്റൊരാളെ പ്രസ്തുത പ്രവർത്തിയിലൂടെ വഞ്ചിക്കുകയാണ് ചെയ്യുന്നത്) അങ്ങനെ പ്രസ്തുത വാക്ക് അതിന്റെ അവിഭാജ്യഘടകമായി മാറുന്നു.

ആഗോളതലത്തിൽ വാർത്തകൾ അതുമിതും പറയൽ, കെട്ടുകഥകൾ പറയൽ പ്രചരിപ്പിക്കുന്നതു സംബന്ധമായി നാം വിശകലനം ചെയ്യുമ്പോൾ, നമുക്ക് കണ്ടെത്തുവാൻ കഴിയുന്നത്, വളരെയധികം ക്രമസമാധാനകുഴപ്പം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു എന്ന വസ്തുതയാണ്. അതിന്റെ കാരണം ഈ ഇല്ലാകാര്യം പറഞ്ഞു നടക്കുന്നതിലൂടെയാണ്. ചിലപ്പോൾ, ഇത് അടുത്ത കുടുംബ വൃത്തങ്ങളിലേക്ക് പ്രവേശിക്കുന്നു, മറ്റു ചിലപ്പോൾ ഇതിലൂടെ കുടുംബ ബന്ധങ്ങൾ തന്നെ തകരുന്നു. വീണ്ടും ഈ ശിഥിലമായ ബന്ധങ്ങൾ കൂട്ടിച്ചേർക്കുവാൻ പിന്നീട് വളരെ പ്രയാസവുമാണ്.

നാമെല്ലാവരും ഇത്തരം സാഹചര്യങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടാകാം. എന്റെ ശ്രദ്ധ പിടിച്ചുപറ്റിയ സംഭവങ്ങളെ പറ്റി ഞാൻ ഓർത്തുനോക്കുമ്പോൾ എനിക്ക് പറയുവാൻ കഴിയും അതാ

യത് ഈ രണ്ടു കാര്യങ്ങൾ പരസ്പരം ബന്ധിതമാണ്. അതിന്റെ വസ്തുത ഇതാണ് (തിന്മ/മോശം പെരുമാറ്റം)സ്ത്രീകളിൽ പൊതുവെ വളരെ കൂടുതലാണ്. ഞാനിതുപറയുമ്പോൾ, ഞാൻ സ്ത്രീകളോട് മാപ്പ് ചോദിക്കുകയാണ്; എന്നോടു ക്ഷമിക്കണം, ഞാനിതു പറയുന്നതിൽ! (ഞാനാരെയും പ്രത്യേകമായി സൂചിപ്പിക്കുകയല്ല) ഞാൻ പൊതുവിൽ ഒരു ഉദാഹരണം പറയുന്നു എന്ന് മാത്രം. പുരുഷന്മാരിലും ഇത്തരം അനേകം സംഭവങ്ങൾ കിടപ്പുണ്ട് എന്നതും ഒരു വസ്തുതയാണ്.

ഈ മോശം പെരുമാറ്റം സ്ത്രീകളിൽ കൂടുതലായി ഉണ്ട് എന്ന് ഞാൻ പറയുവാനുള്ള കാരണമെന്താണ്? ഒരു സ്ത്രീ മറ്റൊരു സ്ത്രീയെപറ്റി എന്തെങ്കിലും പറയുമ്പോൾ, ഈ വാർത്ത ഒരു നേരമ്പോക്കായി മാറുമ്പോൾ, (ഇരയെപറ്റി) വാക്കുകൾ വളരെ വലിയ നിലയിൽ മാറിയിട്ടുണ്ടാകും. ഇര ഇതുസംബന്ധമായി കേൾക്കുമ്പോൾ, അവൾ വളരെ പ്രകോപിതയായി മാറുന്നു. അവൾ അതിനെ പ്രതിരോധിക്കുവാൻ ശ്രമിക്കും, അവൾ കോപാകുലയായി മാറും, കാരണം അവളെപറ്റി പറഞ്ഞ കാര്യത്തെപറ്റി; അതായത് അവളിലേക്ക് എത്തിച്ചേർന്ന പ്രസ്തുത വാക്കുകളെപറ്റി, (പ്രസ്തുത വാക്കുകൾ യഥാർത്ഥ വാക്കുകളായിരിക്കില്ല) അങ്ങനെ ആദ്യം പറഞ്ഞ വാക്കുകൾ, ആരാണോ അത് പറഞ്ഞത്, പ്രസ്തുത വാക്കുകൾ, അവസാന ആളിലേക്കെത്തുമ്പോൾ, പ്രസ്തുത വാക്കുകൾക്ക്, അനേകം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടാകും, അങ്ങനെ അത് വളരെ മോശമായ അവസ്ഥയിലേക്ക് എത്തിചേർന്നിട്ടുണ്ടാകും; അതിലൂടെ വളരെ കയ്പേറിയ അനുഭവങ്ങളും ഉണ്ടായിവരുന്നതാണ്. ഈ വാക്കുകൾ അനേകരുടെ നാവുകളിലൂടെ കടന്നുപോയിട്ടുണ്ടാകും-പലരും അതിൽ പലതും ചേർത്തിട്ടുണ്ടാകും-ആദ്യം കേട്ട ആൾ മുതൽതന്നെ-അവൾ അത് മറ്റുള്ളവരിലേക്ക് തന്റെ ഓഹരി പകർന്നു കൊടുത്തിട്ടുണ്ടാകും. ചിലപ്പോൾ ആദ്യം പറഞ്ഞ അതേ വാക്കുകൾതന്നെ അതേ നിലയിൽ അനേകം ആളുകളിലേക്ക് എത്തിക്കുമ്പോഴും, ഒടുവിൽ അത് ലക്ഷ്യം വെയ്ക്കപ്പെട്ട (ഇര) ആളിലേക്ക് എത്തുമ്പോൾ, ഇവർ ഇരുവരും തമ്മിലുള്ള ബന്ധത്തിന് വിള്ളൽ വീണിട്ടുണ്ടാകും. അതായത് ഈ വാർത്ത ആദ്യം തൊടുത്തുവിട്ട ആൾ (ഒരു രഹസ്യമെന്ന നിലയിൽ പറഞ്ഞതാകാം) എന്നാൽ അത് ലക്ഷ്യം വെച്ച ഇരയിൽ എത്തിച്ചേരുന്നു.

ഈ വാർത്ത കേൾക്കുന്ന പ്രഥമ വ്യക്തി, (അവൾ മറ്റവളോട്

പറഞ്ഞിട്ടുണ്ടാകും) അതായത് അവൾ മറ്റവൾക്ക് ഒരു ഉറപ്പ് കൊടുത്തിട്ടുണ്ടാകും. ഞാനിത് മറ്റാരോടും പറയുകയില്ല. അങ്ങനെ ആദ്യമെ തന്നെ, അവൾക്ക് രണ്ടു മുഖമുണ്ട് എന്ന് അവൾ തന്നെ സ്ഥാപിച്ചു കഴിഞ്ഞു. അതായത് മറ്റൊരു രീതിയിൽ പറഞ്ഞാൽ, അവൾ ചിലത് കേൾക്കുന്നു; എന്നിട്ട് ഒട്ടും വെറുപ്പില്ലാതെ, അവളത് ചുറ്റും പ്രചരിപ്പിക്കുന്നു. അവൾ മറ്റേ സ്ത്രീയെ ആക്രമിക്കുകയാണ് (അതായത് ഇരയെ) അവൾ ആദ്യം ചെയ്ത വാഗ്ദാനത്തെ അവൾ ലംഘിക്കുന്നു. അങ്ങനെ അവൾ രണ്ടു നാവുള്ളവളായി മാറി, ഈ വാർത്ത പുറത്തുവിട്ട ആദ്യത്തെ ആളും രണ്ട് നാവുള്ളവൾ തന്നെ. കാരണം അവളിലുണ്ടായിരുന്ന മാനത്തിനെ അവൾ വലിച്ചെറിയുകയാണ് ചെയ്തത്. ഒരു യോഗത്തിൽ ഒരുവൾ പങ്കെടുക്കുകയും, അവിടെ വെച്ച് ചില കാര്യങ്ങൾ കേൾക്കുകയും, പ്രസ്തുതയോഗത്തിൽ വെച്ച് നടന്ന സംസാരങ്ങളെല്ലാം ഒരു അമാനത്താകുന്നു. അവിടെ നടന്ന ഒരു കാര്യവും പുരുഷനാകട്ടെ സ്ത്രീ ആകട്ടെ, അതു പറഞ്ഞു പരത്തുവാൻ അവർക്ക് അവകാശമില്ല. അതു പറഞ്ഞു പരത്തുവാൻ യോഗത്തലവനിൽ നിന്ന് അനുവാദം ലഭിക്കാത്തിടത്തോളം കാലം അത് ചെയ്യുവാൻ പാടില്ല. സാധാരണനിലയിൽ അനുവാദം നല്കുന്നില്ലെങ്കിൽ, അത് അമാനത്താകുന്നു; അത് മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ പാടില്ലാത്ത കാര്യമാകുന്നു. സാധാരണ ഗതിയിൽ ആരെങ്കിലും മറ്റാരെയെങ്കിലും കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ വിശിഷ്യാ മോശമായ കാര്യമാണെങ്കിൽ, അത് പറഞ്ഞുപരത്തുവാൻ പാടില്ലാത്ത കാര്യമാകുന്നു. നിങ്ങളെ വിശ്വസിച്ചായിരിക്കാം അതു പറഞ്ഞത്, പക്ഷേ നിങ്ങൾക്കത് പ്രചരിപ്പിക്കുവാനുള്ള അവകാശമില്ല. ഞാനിത് വ്യക്തിപരമായി പറഞ്ഞതാണ്. ഇത് മറ്റുള്ളവരുമായി പങ്കുവെയ്ക്കരുത് എന്ന് പറഞ്ഞെങ്കിൽ പ്രത്യേകിച്ചും! ഇത്തരം വാർത്തകൾ അതിന്റെ ഉത്ഭവസ്ഥാനത്തു തന്നെ നിർത്തേണ്ടതാണ്. അത് പറഞ്ഞു പരത്തി സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കരുത്.

അങ്ങനെ അതിന്റെ തുടക്കത്തിൽതന്നെ, രണ്ടു മുഖം പ്രകടമാവുകയാണ്. ആദ്യം പറയുന്ന ആളിൽ നിന്ന് രണ്ടാമൻ കേൾക്കമ്പോൾ, അയാൾ അത് മൂന്നാമന് കൈമാറുന്നു. പിന്നീട് അത് സംഭാഷണ വിഷയമാക്കി മാറ്റുന്നു. ഇര ഇതറിയുമ്പോൾ അതിനെ നേരിടാൻ ശ്രമിക്കുന്നു. ഇതിനെല്ലാം കാരണമായി

തീരുന്നത് രണ്ടു നാവുള്ള സംസാരമാകുന്നു. ഈ വിഷയം വലിച്ച് വലുതാക്കി പ്രശ്നങ്ങൾക്കുമേൽ പ്രശ്നങ്ങളായി മാറുന്നു. ഈ പ്രശ്നത്തിൽ ഇടപ്പെട്ട ഓരോ ആളും പറയുവാൻ തുടങ്ങും. എന്നോട് പറഞ്ഞത് കള്ളമാണ് എന്ന്! ഞാൻ പറഞ്ഞത് മാത്ര മാണ് ശരിയായ കാര്യം. ഞാൻ പറഞ്ഞത് മാത്രമാണ് വസ്തുത പരമായത്. അവിടെ നിന്ന് മൂന്നാമതൊരു കള്ളത്തിന്റെ ശ്യംഖല ആരംഭിക്കുകയാണ്. ഇതു സംബന്ധമായി ചോദ്യം ചെയ്യപ്പെടു മ്പോൾ ഓരോരുത്തരും തങ്ങളുടെ ഭാഗം ന്യായീകരിക്കുകയും മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. ആദ്യം പറഞ്ഞ ആൾ രംഗത്തു വരികയും ഏറ്റെടുത്തു പ്രചരിപ്പിച്ചവരെ കുറ്റം പറയുകയും ശാപവർഷം ചൊരിയുകയും ചെയ്യുന്നു. ഏറ്റെ ടുത്തു പ്രചരിപ്പിച്ചവർ പറയും ഞാനതു പറഞ്ഞിട്ടില്ല.

അങ്ങനെ ഒരുവായ് രണ്ടു വായ് ആയി മാറുന്നു. ഇത് ഈ വഴിയിൽ ഇങ്ങനെ തുടർന്നു പൊയ്ക്കൊണ്ടിരിക്കും. അങ്ങനെ കുഴപ്പത്തിനുമേൽ കുഴപ്പം ഉണ്ടായിക്കൊണ്ടിരിക്കും. ഒടുവിൽ അത് ഒരു വായ് ആക്കി മാറ്റുവാൻ വളരെ പ്രയാസ മായി മാറുന്നു. ഈ കെട്ടുകഥയിൽ അനേകർ പങ്കുകൊള്ളു ന്നു. കഥ തൊടുത്തുവിട്ടവൻ പരുങ്ങലിലാകുന്നു. ഒടുവിൽ ഈ പ്രശ്നത്തെ പരിഹരിക്കുവാൻ സാധിക്കാതെ വരുന്നു. ഒടുവിൽ ഈ കുഴപ്പം, പരിഹരിക്കുവാൻ ശ്രമിക്കുന്ന ആളിന് അപരിഹാര മായി മാറുന്നു. എല്ലാവാർത്തകളും പല കഷണങ്ങളായി മാറു ന്നു. ആദ്യം തൊടുത്തുവിട്ടവൻ പോലും അതിന്റെ കുറെ ഭാഗം മാത്രമെ അംഗീകരിക്കുകയുള്ളു. ഞാൻ ഉദ്ദേശിച്ചത് അങ്ങനെ ആയിരുന്നില്ല. അങ്ങനെ പല ഒഴിവുകഴിവുകളുമായി രംഗത്തു വരുന്നു. ഞാൻ ഇതു പറഞ്ഞപ്പോൾ ഇതല്ല ഉദ്ദേശിച്ചത്, താൻ യഥാർത്ഥത്തിൽ ഉദ്ദേശിച്ചത് ഇതാണ് എന്ന് മാറ്റി പറയുന്നു.

ഇതാണ് ഇന്നത്തെ രാഷ്ട്രീയക്കാർ പറയുന്നത്. അവരുടെ ഓരോ പ്രഖ്യാപനത്തിലും രണ്ടു മുഖങ്ങളുണ്ട്. കഷ്ടം എന്ന ല്ലാതെ മറ്റെന്തുപറയുവാനാണ്. ഈ ദ്വിമുഖ പ്രവണതയ്ക്കെതി രിൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) നമുക്ക് നല്കിയ മുന്നറി യിപ്പിന് പുറമെ, അതോടൊപ്പം, ഇന്നിതാ നമ്മുടെ മുൻപാകെ, സമുദായത്തിന്റെ മുൻപാകെ മറ്റനേകം ദോഷങ്ങളും വ്യക്തമായ നിലയിൽ തുറക്കപ്പെട്ടിരിക്കുന്നു. അവയ്ക്ക് നാം പരിഹാരങ്ങൾ കണ്ടെത്തേണ്ടതു തന്നെയാണ്. അതിനുള്ള പ്രതിവിധിയിതാ ണ്, അതായത് അതുമിതും പറയുന്ന പ്രവണതയിൽ നിന്നും

നിങ്ങൾ അകന്നു മാറുക. അഥവാ ഇത്തരം സംസാരങ്ങളിൽ നിന്നും വാർത്താ പ്രചാരണത്തിൽ നിന്നും അകലം പ്രാപിക്കുക. വിശിഷ്യാ പ്രസ്തുത റിപ്പോർട്ടുകളെ വികൃതമാക്കിയ നിലയിൽ പ്രചരിപ്പിക്കാതിരിക്കുക.

ഒന്നാമതായി, ഒരു സഹോദരനിലോ ഒരു സഹോദരിയിലോ എന്തെങ്കിലും ഒരു വൈകല്യം നിങ്ങൾ കണ്ടാൽ, നിങ്ങൾ അത് അവരോട് നേരിട്ടു പറയുക. അപ്രകാരം ചെയ്താൽ അപ്പോൾ നിങ്ങൾക്ക് ഒരു വായ് മാത്രമെ അകാര്യത്തിലുണ്ടാവുകയുള്ളു. ഇനി ഒരാൾ ഒരുവന്റെ ന്യൂനത മറ്റൊരാളോടു പറഞ്ഞാൽ, അത്, അവൻ അവനിലൂടെ കേൾക്കുമ്പോൾ, അവൻ കോപാകുലനാകുന്നു. പ്രസ്തുത വാർത്താ നിങ്ങൾ പറഞ്ഞത് മോശമായ നിലയിലാകുവാൻ സാധ്യതയുണ്ട്. എന്നാൽ പൊതുവായി, നിങ്ങൾ ഈ വാർത്ത പ്രസ്തുത ആളോട് പറഞ്ഞാൽ, അനുകമ്പയോടെ, സൗഹൃദത്തോടെ പറയപ്പെടുകയാണെങ്കിൽ അവിടെ പ്രത്യേകിച്ച് കുഴപ്പമൊന്നും ഉണ്ടാകുന്നില്ല.

ഇനി അഥവാ അവിടെ പ്രശ്നമുണ്ടാവുകയാണെങ്കിൽ തന്നെ ഈ വാർത്ത കേൾക്കുകയും അത് എത്തിക്കുകയും ചെയ്ത ആൾക്കാണ് അതിന്റെ ഉത്തരവാദിത്വം. അല്ലെങ്കിൽ ഈ വാർത്ത ആദ്യമായി പറഞ്ഞ പ്രസ്തുത വ്യക്തിക്ക് ആയിരിക്കും അതിന്റെ ഉത്തരവാദിത്വം. പ്രത്യക്ഷത്തിൽ ഇത് നല്ല ഉദ്ദേശത്തോടെയാണ് പറഞ്ഞത് എന്നു നിങ്ങൾക്ക് തോന്നാം, എന്നാൽ വസ്തുതയിതാണ്, പ്രസ്തുത വ്യക്തിയെ(ഇരയെ) നിങ്ങൾക്ക് വേദനിപ്പിക്കണമെന്നുണ്ടായിരുന്നു. പ്രസ്തുത കാര്യം വലിച്ചു നീട്ടപ്പെട്ടതിനാൽ അതു സംബന്ധമായി അപഗ്രഥനം നടത്തേണ്ടതായിട്ടുണ്ട്. ഇത്തരം ആളുകൾ, നിങ്ങളുടെ അടുത്തേക്ക് വന്ന്, അവൻ പറയും നിങ്ങൾക്ക് ഇന്ന ഇന്ന കുഴപ്പങ്ങളുണ്ട് എന്നിട്ടവർ നിങ്ങളോടു പറയും. ഞാനിതു നിങ്ങളോട് പറയുന്നത്, ഞാനെപ്പോഴും സത്യം മാത്രം പറയണമെന്നാഗ്രഹിക്കുന്നതുകൊണ്ടാണ്. ഞാൻ നിങ്ങളോട് പറയുന്നത് സത്യവുമാണ്.

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) നമുക്ക് എല്ലാവഴികളും കാണിച്ചു തന്നിട്ടുണ്ട്. തുറന്ന നിലയിലും വ്യക്തമായ നിലയിലും നമുക്ക് വ്യക്തമാക്കിത്തരാത്ത ജീവിതത്തിലെ ഒരു കാര്യവും അവശേഷിച്ചിട്ടില്ല എന്ന് നാം മനസ്സിലാക്കണം. ഒരാളെ സംബന്ധിച്ച് ഒരു സത്യം ഉണ്ടെന്നി

രിക്കട്ടെ, അത് കയ്പേറിയതാണ് എന്നും കരുതുക, അത്തരം സാഹചര്യത്തെ നേരിടുന്നതിനായി ഹസ്രത് മുഹമ്മദ് മുസ്തഫ(സ) നമുക്ക് മുന്നറിയിപ്പ് നല്കിയിട്ടുണ്ട്, അത്തരം വാർത്തകൾ പ്രചരിപ്പിക്കരുത് എന്ന്! നാം പറയുന്ന കാര്യം ഒരു കള്ളമാണെങ്കിൽ, നാമപ്പോൾ ഒരു കള്ളം ആരോപിക്കുകയാണ് ചെയ്യുന്നത്. ഒരാക്ഷേപം നാം നടത്തുകയാണ് ചെയ്യുന്നത്. കിങ്ങിണി അടിച്ചു നടക്കുന്നവർക്ക് ശരിയായ ഒരു വാർത്ത ഉണ്ടായിരിക്കും. എന്നാൽ അവരിലുള്ള ഈ സത്യമായ വാർത്തയിൽ കള്ളവാർത്ത പ്രവേശിക്കുന്നു. അങ്ങനെ അതു കള്ളവാർത്തയായി മാറുന്നു. ഇത് മറ്റൊരു വിഷയമാണ്. വസ്തുത ഇതാണ്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറയുന്നു. ഒരാൾ മറ്റൊരാളെ കുറിച്ച് ഒരു ശരിയായ വാർത്ത പറയുന്നു എന്നിരിക്കട്ടെ, അത് മൂന്നാമതൊരു വ്യക്തിയിലേക്കെത്തുമ്പോൾ ഒരു കുറവ്, ഒരു വിള്ളൽ അതിൽ സംഭവിക്കുന്നു. ഒന്നാമത്തെ ആൾ പറഞ്ഞത് (അയാൾ തറപ്പിച്ചു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ) അത് സത്യമാകാം. രണ്ടാമത്തെ ആൾ അത് പറയുമ്പോൾ, പ്രസ്തുത വാർത്ത വ്യാപിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, അയാളുടെ വാദപ്രകാരം, അതും ശരിയായിരിക്കാം. എന്നാൽ, ഈ പ്രവർത്തി ഈ വാർത്തയുമായി നടക്കുന്നത്, വളരെ മോശമാണ്. വൃത്തികെട്ട ഒരു രീതിയുമാണ്. ഒരു ഉപമയിലൂടെ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഈ സംഭവത്തെ, ഇത്തരം പ്രവർത്തിയെ മറ്റൊരു രീതിയിൽ വിവരിച്ചിരിക്കുന്നു. ഒരാൾ ഒരമ്പ് തന്റെ ഇരയുടെ നെഞ്ചത്ത് കൊള്ളുന്നതിനായി തൊടുത്തുവിട്ടു. എന്നാൽ പ്രസ്തുത അമ്പ് ലക്ഷ്യം തെറ്റി (ഇരയുടെ) അയാളുടെ കാലിന് സമീപം പതിച്ചു. എന്നാൽ വാർത്താ പ്രചാരകൻ/വിവരം നല്കുന്നവൻ/ അതുമിതും പറഞ്ഞ് നേരമ്പോക്ക് നടത്തുവാൻ പ്രസ്തുത അമ്പിനെ എടുത്ത്, ഇരയുടെ നെഞ്ചത്ത് എയ്തുവിട്ടു. ഇരയോട് വാർത്താ പ്രചാരകൻ പറയുന്നു ഇത് നിന്നെ ലക്ഷ്യം വെച്ച് വിട്ടതാണ്. തറയിൽ കിടന്ന പ്രസ്തുത അമ്പ് എടുത്ത് അയാളുടെ (ഇരയുടെ) നെഞ്ചത്ത് കുത്തുവാൻ അയാൾക്കെന്തവകാശമാണുള്ളത്? നോക്കു അയാളാണ് ഏററവും വലിയ കൊലയാളി! ആദ്യത്തേ ആൾ ഇത് ചെയ്തു! (അതായത് ഈ അമ്പ് യഥാർത്ഥത്തിൽ എയ്ത് വിട്ടത് അയാളാണ്) അതൊരുപക്ഷേ ചെയ്തത് അയാൾക്ക് കോപം ഉണ്ടായ നിമിഷത്തിലായിരിക്കാം. എന്താണ് താൻ ചെയ്യുന്നതെന്നറിയാതെ വികാരത്തിനടിമപ്പെട്ടായിരിക്കാം

അയാളത് ചെയ്തത്? താൻ ചെയ്യുന്നത് അനുവദനീയമാണോ? അതോ അല്ലയോ? എന്നുപോലും ചിന്തിച്ചിട്ടുണ്ടാവില്ല! അവന്റെ കോപം അവനെ അന്ധനാക്കിയിട്ടുണ്ടായിരിക്കാം. എന്നാൽ കഥമെനഞ്ഞു നടക്കുന്നവനാണ്, ഈ കുറ്റം സാവധാനം ചെയ്തത്, മനഃപൂർവ്വമായ ഉദ്ദേശത്തോടെയാണ് അയാൾ അത് ചെയ്തത്! അതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ല! അയാൾ കരുതുന്നത്, അയാൾക്ക് പ്രസ്തുത വാർത്തകിട്ടി, പ്രസ്തുത വ്യക്തിയെകുറിച്ച്! അതുകൊണ്ട് അയാളോട് ഇതുപറയുക എന്നത് തന്റെ ഉത്തരവാദിത്വമാണ് എന്നയാൾ കരുതുന്നു.

വളരെ വ്യക്തമായ നിലയിലും തുറന്ന നിലയിലും ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഇത് വിവരിച്ചിരിക്കുകയാണ് നബികരീം(സ)പറയുകയുണ്ടായി സത്യവാനായിരിക്കലും ബഹുമാന്യനായിരിക്കലും വളരെ നല്ല കാര്യമാണ്. എന്നാൽ ഈ സത്യതയും മാന്യതയും എങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്ന് നിങ്ങൾ അറിഞ്ഞിരിക്കണം, മനസ്സിലാക്കിയിരിക്കണം. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. അദ്ദേഹം പറയുന്ന കാര്യങ്ങൾ, അതിന് പ്രസ്തുത കാര്യങ്ങൾക്ക് സമുദായവുമായി ഒരു ബന്ധമുള്ളതുമാണ്. അത് നല്ല കാര്യങ്ങളുമായിരിക്കും. അത് തീർച്ചയായും സമുദായത്തിന്റെ മേൽ ഒരു അമാനത്തു(വിശ്വസിച്ചേല്പിക്കുന്ന കാര്യം) മാണ്. അപ്പോൾ അത് മറ്റുള്ളവരിലേക്ക് എത്തിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. അപ്പോൾ നിങ്ങൾ കേൾക്കുന്ന നല്ലകാര്യങ്ങൾ ലോകമെങ്ങും എത്തിക്കുക. വ്യാപഷിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. എന്നാൽ ഒരു യോഗത്തിൽ വെച്ച് എടുക്കുന്ന തീരുമാനം അഥവാ പറഞ്ഞ കാര്യം പ്രസ്തുത വ്യക്തിയുടെ യോഗാധ്യക്ഷന്റെ അനുവാദമില്ലാതെ പ്രചരിപ്പിക്കുവാൻ പാടില്ല എന്നതും ഓർത്തിരിക്കേണ്ട വസ്തുതയാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഈ കാര്യത്തെയും അമാനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. അദ്ദേഹം, നബികരീം(സ) പറയുകയുണ്ടായി യോഗത്തിൽ പറയുന്ന കാര്യങ്ങൾ അമാനത്തുകളാണ്. യോഗതീരുമാനം അമാനത്താണ് എന്ന് നിങ്ങളെ അറിയിക്കുകയാണെങ്കിലും അല്ലെങ്കിലും യോഗത്തിലെ വാക്കുകൾ അമാനത്തുകളാണ്, തിർമിദിയിലെ കിതാബുൽബിർറിൽ രേഖപ്പെടുത്തിയ ഒരു ഹദീസാണ് ഞാനിവിടെ പരാമർശ വിഷയമാക്കുന്നത്.

ജാബിർ(റ) വിവരിക്കുന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ (സ)

പറഞ്ഞു. ഒരാൾ ഒരു വാർത്ത വിവരിക്കുമ്പോൾ, അയാൾ ചുറ്റും നോക്കുകയാണെങ്കിൽ, അതും ഒരു അമാനത്താണ്. ഒരാൾ എന്തെങ്കിലും ഒരു കാര്യം പറയുന്നു എന്ന് കരുതുക. അപ്പോൾ അദ്ദേഹത്തിന്റെ സംസാരത്തിന് തടസ്സം വന്നു എന്നു കരുതുക,അങ്ങനെ അദ്ദേഹത്തിന് അത് പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന് പറയുവാനുള്ള എല്ലാ കാര്യങ്ങളും നിങ്ങളോടു പറയുവാനും കഴിഞ്ഞില്ല, നിങ്ങൾ ഇത് മറ്റുള്ളവരോട് പറയുക അഥവാ പറയരുത് എന്നുപറയുവാനും അവസരമുണ്ടായില്ല. ചുരുക്കത്തിൽ ഇങ്ങനെ ഉണ്ടായ ഈ പകുതി സംസാരം ഒരു അമാനത്തു തന്നെയാണ്. അങ്ങനെ ഇത് അമാനത്തായിരിക്കേ അദ്ദേഹത്തിന്റെ അനുവാദമില്ലാതെ പരസ്യമാക്കരുത്, നിങ്ങളിത് ഒരമാനത്തായി സൂക്ഷിക്കേണ്ടതാണ്.

ഈ പറഞ്ഞത്, ഒരു പൊതു തത്വമാണ്. ഞാനിപ്പോൾ ഇതു പറയുന്നത് പരിഗണിക്കുകയാണെങ്കിൽ, നിങ്ങളുടെ തന്നെ നന്മയ്ക്കു വേണ്ടിയാണ് ഞാനിതു പറയുന്നത്, അപ്പോൾ ഞാൻ പറഞ്ഞതെല്ലാം (ഔദ്യോഗികമായും പൊതു അറിവിലേക്കും) ഒരു അമാനത്താകുന്നു. എല്ലാ ആളുകൾക്കും ! ഇത് അമാനത്താണ്. ആയതിനാൽ ഇതുകേൾക്കുന്ന ഓരോരുത്തരും, (ഔദ്യോഗിക ഭാഷണവും, പ്രഖ്യാപനങ്ങളും, പങ്കുവെയ്ക്കേണ്ട വാർത്തകളും) അവരുടേതായ ഉത്തരവാദിത്വമുണ്ട് എന്ന് മനസ്സിലാക്കുക. (ശരിയായ നിലയിലായിരിക്കണം) റിപ്പോർട്ട് ചെയ്യേണ്ടത്! ഇതറിഞ്ഞിട്ടില്ലാത്തവരിലേക്ക്! രണ്ടു കാര്യത്തിനും അമാനത്തു എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് തിരിച്ചറിയണം! എന്നാൽ അതിന്റെ അർത്ഥം ഭിന്നമാണ് എന്നും തിരിച്ചറിയണം.

ദൈനംദിന കൂടിക്കാഴ്ചയിലെ സംസാരവിഷയങ്ങൾ, അമാനത്തു തന്നെയാണ്. അനുവാദമില്ലാതെ അവ പരസ്യപ്പെടുത്തുവാൻ നിങ്ങൾക്ക് യാതൊരുവകാശവുമില്ല!ചിലപ്പോൾ (കൃത്യമായി പറഞ്ഞാൽ കഴിഞ്ഞകാലങ്ങളിൽ) നാം സാധാരണ പറയുന്ന ചെറിയ ചെറിയ സംസാരങ്ങൾ, ഭക്ഷണം കഴിക്കുമ്പോഴും മറ്റും ഔപചാരികതയൊന്നുമില്ലാതെ, പറയുന്ന സംസാരങ്ങൾ അതിനിടയിൽ ചില ആളുകൾ പ്രസ്തുത സംസാരങ്ങൾ അവിടെ നിന്നും പുറത്തു വിടുന്നു. അത്തരം സംസാരങ്ങൾ അവർ വികൃതമാക്കി പുറത്തുവിടുന്നു. ഈ വാക്കുകൾ ഒരു വായിൽ നിന്നും മറ്റൊരുവായിലേക്ക് കൈമാറുമ്പോൾ

കാര്യങ്ങൾ കൈവിട്ടു പോകുന്നു. ഇത് കേട്ട് ഞാൻ വ്യക്തിപരമായി അത്ഭുതപ്പെട്ടു പോയിട്ടുണ്ട്. ഞാൻ ഇതു സംബന്ധമായി കൂടുതൽ ചിന്തിച്ചു! എപ്പോഴാണ് ഇത് പറഞ്ഞത്? അങ്ങനെ എനിക്കറിയാൻ കഴിഞ്ഞു ഞാൻ ഭക്ഷണം കഴിക്കാനിരുന്നപ്പോഴാണ് ഇത് സംഭവിച്ചതെന്ന്! അത് തികച്ചും രഹസ്യസ്വഭാവമുള്ള കാര്യമായിരുന്നു-അത് പൊതുജനം അറിയുന്നത് ഭൂഷണമായ കാര്യവുമല്ല-കാരണം ആ പറഞ്ഞത് ജമാഅത്തുമായി ബന്ധമില്ലാത്ത ആളുകളോടായിരുന്നു. ആയതിനാൽ, എനിക്ക്, അവരുടെ അനുവാദമില്ലാതെ, അത് പരസ്യപ്പെടുത്തിയാൽ, അത് അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്! എന്നാൽ അവിടെ പറയപ്പെട്ടത് അല്പംപോലും തെറ്റായ കാര്യവുമായിരിന്നില്ല. പ്രസ്തുത വാക്കുകൾ അവർക്കെതിരിലുള്ള പരദൂഷണവുമല്ല. ഒരിക്കലുമല്ല! എന്നാൽ കാര്യം ഇങ്ങനെ ഒക്കെ ആണെങ്കിലും അതൊരു അമാനത്താണ്. എന്നാൽ മറ്റാളുകൾ അതുകേട്ടു. അവർ അത് മറ്റാളുകളിലേക്ക് എത്തിച്ചു. അവർ എത്തിച്ചത് പ്രസ്തുത വാർത്തയെ വികൃതമാക്കിയ നിലയിലായിരുന്നു. അവരുടെ ഉദ്ദേശം എത്രമാത്രം മാലിന്യം നിറഞ്ഞതായിരുന്നു എന്നാണ് ഇത് കാണിക്കുന്നത്. കള്ളത്തിൽ പൊതിഞ്ഞ ഈ വാർത്തകൾ പരത്തുന്നതിൽ അവർ സന്തുഷ്ടരായിരിക്കുന്നു. അവരുടെ ഈ വാക്കുകൾ അവരുടെ വ്യക്തിത്വത്തിന്റെ പ്രതിഫലനമാണ്. വളരെ മോശം എന്നല്ലാതെ എന്തു പറയുവാനാണ്! അവരുടെ പ്രകൃതം തന്നെ രണ്ടു മുഖവും രണ്ടു നാക്കും ഉള്ളവരാണ്. ജനങ്ങളെ അവരിലേക്ക് ആകർഷിക്കുന്നതിന് ദ്വിമുഖന്മാരായും ദ്വിനാക്കുള്ളവരായും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ആയതിനാൽ വാർത്തകളിൽ (അവർ) വളരെയധികം പൊടിപ്പും തൊങ്ങലും ചാർത്തുന്നവരാണവർ. അപ്പോൾ ജനങ്ങൾ അവരിലേക്ക് ആകൃഷ്ടരാവും! അവർ കൂപ്പുകുത്തിക്കിടക്കുകയാണ്. അവരുടെ ഈ വ്യാജവാർത്ത ശ്രവിക്കുവാൻ ആളുകൾ തയ്യാറാകുന്നു എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. ഇത്തരം കള്ളവാർത്തകൾ ശ്രവിക്കുന്നതിന് ആളുകൾ തത്പരരായിരിക്കുന്നു. ഇവർ വ്യാജവാർത്തകൾ പടച്ചുവിടുന്നവരാണ്, ശ്രോതാക്കൾ അതു വിശ്വസിക്കുന്നവരുമാണ്. സത്യം പറഞ്ഞാൽ, അവർ ചെകിടന്മാരാണ്; സത്യത്തെ കള്ളമെന്നും കള്ളത്തെ സത്യമെന്നും മനസ്സിലാക്കുന്നവരാണവർ!

ഇന്ന്, ഈ നൂറ്റാണ്ടിൽ, മൗറിഷ്യസിലെ അഹ്മദിയാ ജമാ

അത്ത്, എവിടെയാണ് വീണു കിടക്കുന്നതെന്നു നോക്കൂ! 2000-ാംമാണ്ടിൽ ഒരു മുൻ അമീർ ഒരു റിപ്പോർട്ട് അയച്ചു. പ്രസ്തുത റിപ്പോർട്ട് നിറയെ കള്ളമായിരുന്നു. മൗറിഷ്യസ് ജമാഅത്തിലെ പ്രവർത്തകസമിതിയിലെ ചില ആളുകൾ ഈ കള്ളത്തെ പിന്താങ്ങുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് (പരേതനായ ഹസ്രത് മിർസാതാഹിർ അഹ്മദ് മുൻപാകെ സമർപ്പിക്കപ്പെട്ടു. അദ്ദേഹത്തിന് ചുറ്റുമുള്ളവർ-അതിൽ മൗറിഷ്യസിൽ സ്വയം ഖലീഫ ചമഞ്ഞ ആളും, അഡീഷണൽ വക്കീലത്തു തബ്ശീറും-ഈകള്ളങ്ങളെ പിന്താങ്ങുകയുണ്ടായി, അങ്ങനെ വെറുപ്പിന്റെ വഴി തുറന്നു വെച്ചു. രണ്ടു വിഭാഗങ്ങളെയും കേൾക്കുവാൻ രണ്ടു ചെവികൾ ഉണ്ടായിരുന്ന ഒരു ഖലീഫ, എന്നാൽ അദ്ദേഹം ഞങ്ങൾക്ക് പറയുവാനുള്ളത് കേൾക്കുവാൻ തയ്യാറായില്ല. പകരം അദ്ദേഹം ഞങ്ങളെ ജമാഅത്തിൽ നിന്നും പുറത്താക്കുകയുണ്ടായി! നോക്കൂ എവിടെയാണ്! ജമാഅത്ത് അഹ്മദിയ്യായെ ഇപ്പോൾ കൊണ്ടെത്തിച്ചിരിക്കുന്നത്! ഈ കള്ളങ്ങളുമായി നടന്നവരുടെ അനന്തരഫലങ്ങൾ എന്തായി എന്ന് നിങ്ങൾ നോക്കൂ! ആയതിനാൽ നിങ്ങൾ ജാഗ്രതയിലായിരിക്കുക! നിങ്ങൾ അത്തരം ആളുകളായി തീരരുത്.

അടുത്ത ആഴ്ച ഇൻശാ അല്ലാഹ്, ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബയുടെ അതേ വിഷയം തുടരുന്നതാണ്.

## പ്രഖ്യാപനങ്ങൾ

1.. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മഡഗാസ്ക്കറിലെ സന്ദർശത്തിന് ശേഷം ഞാൻ മൗറിഷ്യസിൽ തിരിച്ചെത്തി. 2019 നവംബർ 22ലെ വെള്ളിയാഴ്ച ഖുത്തുബയിൽ പ്രസ്തുത കാര്യങ്ങളൊക്കെ! പരാമർശിക്കുകയുണ്ടായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എനിക്ക് അനേകം സന്ദേശങ്ങൾ ഇതു സംബന്ധമായി ലഭിച്ചുകൊണ്ടിരിക്കുന്നു. അവർ പ്രകടിപ്പിക്കുന്ന ഈ സ്നേഹാവായ്പുകൾക്ക് ഞാൻ ഏതു രീതിയിലാണ് സ്നേഹം പങ്കിടേണ്ടതെന്നു അറിയാതെ ഉഴലുകയാണ്.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ഇവർ തീർച്ചയായും അല്ലാഹുവിനോടും അവന്റെ ദൂതനോടും അതിയായ സ്നേഹം ഉള്ളവർ തന്നെയാണ്. അവരിൽ അനേകരും അവരുടെ ഹൃദയവികാരങ്ങൾ, അവരുടെ സ്നേഹം, അവരുടെ അനുമോദനം, അതോടൊപ്പം തന്നെ അവരോടൊപ്പം അല്ലാഹുവിന്റെ ഖലീഫ അവരുടെ രാജ്യത്ത് കഴിയണം, സന്ദർശിക്കണം എന്നാ

ഗ്രഹിക്കുന്നവരാണ്. അതോടൊപ്പം അല്ലാഹുവിന്റെ ദൂതൻ ഉണ്ടാവുക എന്നത്, അതിലൂടെ അല്ലാഹുവിൽ നിന്നും പ്രതി ഫലങ്ങൾ കൂടുതൽ ആർജ്ജിക്കുവാൻ കഴിയും എന്നും അവർ ആശിക്കുകയാണ്. ഗീയ്ബത്ത് എന്ന വിഷയത്തെകുറിച്ചുള്ള പ്രഭാഷണത്തിനു ശേഷം, എല്ലാവരുടെയും ഇത്തരം സന്ദേശ ങ്ങൾക്ക് വെള്ളിയാഴ്ച ഖുത്തുബയ്ക്ക് ശേഷം മറുപടി പറയാം എന്ന് കരുതുകയായിരുന്നു.

സത്യത്തിൽ നിങ്ങളുടെ സന്ദേശങ്ങൾ എന്റെ ഹൃദയത്തെ പിടിച്ചു കുലുക്കുന്നതായിരുന്നു. സത്യത്തിൽ, പറയുന്നതിൽ വിഷമമുണ്ട് എല്ലായിടത്തും വരുക എന്നത് വളരെ പ്രയാസ മേറിയ കാര്യം തന്നെയാണ്. വരുന്നതും സന്ദർശിക്കുന്നതും അസാധ്യമാണ് എന്ന് ഞാൻ പറയുന്നില്ല, എന്നാൽ വളരെ പ്രയാസകരമാണ്. ചിലർ പറയുന്നു-നിങ്ങൾ അത് ഒരിക്കൽ മാത്രമാണ്. നോക്കൂ, ഇപ്പോൾ എത്രവർഷങ്ങൾ കഴിഞ്ഞു, വീണ്ടും ഞങ്ങളെ കാണാൻ വന്നില്ല-മറ്റു ചിലർ പറയുന്നു-അല്ലയോ ഖലീഫത്തുല്ലാഹ്-ഞങ്ങൾ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചിരിക്കുന്നു. താങ്കൾ ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ ആണെന്ന് അംഗീകരിച്ചിരിക്കുന്നു. താങ്കൾ ഇതുവരെയും ഞങ്ങളെ സന്ദർശിക്കുവാനായി വന്നിട്ടില്ല. ഞങ്ങൾ താങ്കളുടെ വരവിനെ അക്ഷമയോടെ കാത്തിരിക്കുകയാണ്. അല്ലാഹു വിന്റെ ഖലീഫ ഞങ്ങൾക്കിടയിൽ ഉണ്ടായിരിക്കുകയും അല്ലാ ഹുവിന്റെ അനുഗ്രഹങ്ങൾ ഞങ്ങക്കുണ്ടാകുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. അല്ലയോ ഹുസൂർ? താങ്കൾ എപ്പോഴാണ് വരു ന്നത്? ഞങ്ങളോടു പറയൂ! വരൂ! ഞങ്ങളെ സന്ദർശിക്കു!

ആയതിനാൽ, ഈ വാക്കുകളിൽ ഞാൻ വികാരഭരിത നായിരിക്കുയാണ്. എന്റെ ഹൃദയവും കണ്ണുകളും കണ്ണുനീ രാൽ നിറഞ്ഞുകവിഞ്ഞിരിക്കുകയാണ്. എന്നാൽ നമ്മുടെ ജമാ അത്തിനെ സംബന്ധിച്ചിടത്തോളം ഇത് അത്ര എളുപ്പമുള്ള ഒരു കാര്യമല്ല എന്ന് പറയേണ്ടിയിരിക്കുന്നു. ലോകമെങ്ങുമുള്ള ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ പാപങ്ങളാണ്. അവ രിൽ അനേകർക്കും ജോലി ഇല്ല. അവർക്കും അവരുടെ കുടും ബാംഗങ്ങൾക്കും ദൈനംദിന ജീവിത വിഭവങ്ങൾക്ക് ബുദ്ധിമു ട്ടുന്നവരാണ്. ഇപ്പോൾ ധനത്യാഗരംഗത്ത്, വളരെ കുറച്ചു പേർ മാത്രമാണ് നല്കുന്നത്. കാരണം ജോലിയില്ലായ്മയും മറ്റു ബുദ്ധിമുട്ടുകളുമാണ്.

വ്യക്തിപരമായ നിലയിൽ, എനിക്ക് പറയേണ്ടതായിട്ടുണ്ട്, അഥവാ നിങ്ങളെ മനസ്സിലാക്കി തരേണ്ടതായിട്ടുണ്ട്. എന്റെ മാതാ പിതാക്കൾ ഉപേക്ഷിച്ചു പോയ അനന്തരാവകാശ സ്വത്തിലാണ് ഞാൻ എന്റെ ജീവിതം നയിക്കുന്നത്. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! ഈ അനന്തരാവകാശ സ്വത്തിൽ നിന്നും എന്റെ ചിലവ് നിർവ്വഹിക്കേണ്ടതുണ്ട്. മറ്റു രീതിയിൽ കൊടുത്തു തീർക്കേണ്ടതായിട്ടുമുണ്ട്. എന്റെ ചെലവും എന്റെ കുടുംബ ത്തിന്റെ ചെലവും! അൽഹംദുലില്ലാഹ് ! ഈ ചെറിയ തുക കൊണ്ട്, അതിൽ അല്ലാഹു(ത) വളരെയധികം അനുഗ്രഹങ്ങൾ ഇറക്കിയിരിക്കുന്നു. അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുവാനും കഴിയുന്നു. അല്ലാഹുവിന്റെ വഴിയിലുള്ള ചെലവിൽ പെടുന്നതാണ്. ഖിദ്മത്തെ ഖൽവ്, ജമാഅത്ത് പരിപാടികൾക്കുള്ള ചെലവുകൾ, വിമാനടിക്കറ്റുകൾ (എന്റെ പണം ഉപയോഗിച്ച്) വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും അനുചരന്മാരെ സന്ദർശിക്കുന്നതിനും, അല്ലാഹുവിന്റെ ജോലികൾ ചെയ്യുന്നതിനും! പള്ളികൾ നിർമ്മി ക്കേണ്ട് രാജ്യങ്ങളുണ്ട്. ഒരു രാജ്യം മാത്രമല്ല-നിങ്ങൾ വെബ്സൈറ്റിലും യൂട്യൂബിലും കാണുന്നതുപോലെ, മദ്രസ്സകളും സ്കൂളുകളും ലൈബ്രറികളും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ അംഗങ്ങൾ-വളരെ പാപപ്പെട്ട രാജ്യങ്ങളിൽ-അല്ലാഹുവിന്റെ വഴിയിൽ ഈ കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയാത്തവരാണ്. (സാമ്പത്തിക ത്യാഗം ചെയ്യുവാൻ കഴിവില്ലാത്തവരാണ്) എന്നാൽ ഞാൻ നിങ്ങൾ എല്ലാവരോടും ഒരു അപേക്ഷസമർപ്പിക്കുകയാ ണ്, അല്ലാഹുവിന്റെ വഴിയിൽ സംഭാവന ചെയ്യുവാൻ താത്പര്യ പ്പെടുന്നവർ, അവരെ ഞാൻ ഇതിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

അതുമാത്രമല്ല, എന്റെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതി നുള്ള ചെലവുകളുമുണ്ട്, വാർത്താകുറിപ്പുകളും, അൽഅസീം തഫ്സീറുൽ ഖുർആൻ തുടങ്ങിയ പല ഗ്രന്ഥങ്ങളും, ലിസ്റ്റ് വളരെ ദൈർഘ്യമേറിയതാണ്. ഈ പരിമിതികളെല്ലാം ഉണ്ടെങ്കിലും, അല്ലാ ഹു(ത)യുടെ തേജസ്സ് നാം കാണുന്നു. ദൈവീക ദൃഷ്ടാ ന്താരംഭത്തിൽ അല്ലാഹു(ത) വെളിപാടിലൂടെ എനിക്ക് നല്കിയ ദിവ്യസന്ദേശം ആശ്വാസദായകമായി നിലനില്ക്കുന്നു. നാളെ ഈ ലോകം നിന്നെ കൈവിട്ടാൽ, എന്നാൽ അല്ലാഹു നിന്നോടൊപ്പ മുണ്ടെങ്കിൽ, എല്ലാം നിന്നോടൊപ്പമുണ്ട്, എന്നാൽ ഈ ലോകം മുഴുവൻ നിന്നോടൊപ്പമുണ്ടാവുകയും, അല്ലാഹു നിന്നോടൊപ്പം

ഇല്ലാതിരിക്കുകയും ചെയ്താൽ, നിന്നോടൊപ്പം ഒന്നും തന്നെ ഉണ്ടായിരിക്കില്ല.

ഇതാണ് ആ വെളിപാട് അൽഹംദുലില്ലാഹ് ! ഞാൻ എന്റെ മാതാപിതാക്കളോട് വളരെയധികം നന്ദിയുള്ളവനാണ് എന്ന് പറയേണ്ടിയിരിക്കുന്നു. അവർ എനിക്ക് നല്കിയ അനന്തരാവകാശ സ്വത്ത് ! ഞാൻ അവർക്കായി വളരെയധികം ദുആ ചെയ്യുന്നു. പാരത്രീക ലോകത്ത് അല്ലാഹു(ത) അവർക്ക് അധികമധികമായ പ്രതിഫലം നല്കി അനുഗ്രഹിക്കട്ടെ! അവർക്ക് അല്ലാഹു(ത) ജന്നത്തുൽ ഫിർദൗസ് നല്കി അനുഗ്രഹിക്കട്ടെ! ആമീൻ. ഇന്ന് അവർ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ, എനിക്ക് 100% ഉറപ്പുണ്ട്. അവർ എന്നോടൊപ്പമുണ്ടാകുമായിരുന്നു. എന്റെ വാദത്തിൽ അവർ തീർച്ചയായും വിശ്വസിക്കുമായിരുന്നു. ഞാൻ ഇത് വളരെ കൃത്യതയോടെ പറയുകയാണ്, വിശിഷ്യ എന്റെ പിതാവിനെകുറിച്ച്, എന്നെ അല്ലാഹു(ത) അവന്റെ സേവകനായി ഉയർത്തുന്നതിനു മുൻപുതന്നെ, എന്റെ പിതാവ് ഇഹലോകവാസം വെടിഞ്ഞിരുന്നു. എന്റെ മാതാവിനെ സംബന്ധിച്ചു പറഞ്ഞാൽ, അവർ എന്നിൽ വിശ്വസിച്ചു. അവർ എന്നും എപ്പോഴും പിന്താങ്ങിയിരന്നു. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്

ആയതിനാൽ, എന്റെ പ്രീയ അനുചരന്മാരെ, നിങ്ങൾ എന്നെ മനസ്സിലാക്കു, എന്നെ നല്ല നിലയിൽ മനസ്സിലാക്കു, ഇവിടെ വിമാന യാത്രാ നിരക്കുകൾ വളരെ കൂടുതലാണ്. നേരിട്ടുള്ള വിമാനവുമില്ല. ചിലപ്പോൾ രണ്ടും മൂന്നും വിമാനങ്ങൾ മാറി കേറേണ്ടതായി വരുന്നു. ഇതു വളരെയധികം ചെലവു വരുന്ന കാര്യമാണ്. ആയതിനാൽ, ദുആ ചെയ്യുക. അല്ലാഹു(ത) ഈ ജമാ അത്തിനെ തുടർന്നും അനുഗ്രഹിച്ചു കൊണ്ടിരിക്കട്ടെ, അല്ലാഹു(ത) ആത്മീയമായും ഭൗതികമായും സമൃദ്ധിയുള്ള ആളുകളെ ഈ ജമാഅത്തിന് നല്കിക്കൊണ്ടിരിക്കട്ടെ, അല്ലാഹു(ത) യുടെ മാർഗത്തിൽ അവർ സംഭാവനകൾ നല്കിക്കൊണ്ടിരിക്കട്ടെ! അല്ലാഹു(ത) അവരുടെ ജോലിയിലും, വ്യാപാരത്തിലും അവന്റെ അനുഗ്രഹങ്ങൾ ഇറക്കട്ടെ! അങ്ങനെ ജമാഅത്തിന്റെ ഖജനാവ് സമ്പന്നമാകട്ടെ, ജമാഅത്തിന് ആശ്വാസമാകട്ടെ! സാമ്പത്തിക പിന്താങ്ങലിലൂടെ! ഇൻശാ അല്ലാഹ്! ആമീൻ

2. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ, ഈയിടെ ആയി ആഫ്രിക്കയിൽ നിന്ന് വളരെയധികം ആളുകൾ ഈ സത്യത്തിലേക്ക് കട

ന്നുവരുന്നു, വിശ്വസിക്കുന്നു. ഈ ആഴ്ചയിലും രണ്ട് ചുറുചുറുക്കുള്ള ആളുകളെ നമുക്ക് ലഭിക്കുകയുണ്ടായി. അതിൽ ഒരാളിന്റെ സംഭാഷണം കേട്ടതിനെ തുടർന്നു, ജമാഅത്ത് അഹ്മദിയായിൽ നിന്നും (പ്രസ്തുത ആളിന്റെ പേര് ഞാൻ പരാമർശിക്കുന്നില്ല, കാരണം അതൊരു അമാനത്താണ്. അദ്ദേഹത്തിന്റെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് ഞാനത് വെളിപ്പെടുത്തുന്നതാണ്) പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ സഹോദരൻ ഒരു സർവ്വകലാശാല വിദ്യാർത്ഥിയാണ്. അദ്ദേഹത്തിലൂടെയാണ് അവർ അദ്ദേഹത്തെ പീഡിപ്പിക്കുവാൻ ആരംഭിച്ചത്. ജമാഅത്ത് അഹ്മദിയ്യാ ആണ് പഠനത്തിനുള്ള പണം നല്കിക്കൊണ്ടിരുന്നത്. പ്രസ്തുത വിദ്യാർത്ഥി ഇപ്പോഴും ജമാഅത്ത് അഹ്മദിയ്യായിൽ ആണെങ്കിൽ പോലും, അദ്ദേഹത്തിന്റെ സഹോദരൻ ഈ സത്യത്തിൽ വിശ്വസിച്ച കാരണത്താൽ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്യെയും ദൈവീക ദൃഷ്ടാന്തത്തെയും അംഗീകരിച്ചു വിശ്വസിച്ചതിന്റെ പേരിൽ, ജമാഅത്ത് അഹ്മദിയ്യായിലുള്ള തന്റെ സഹോദരന് നല്കിയ ആനുകൂല്യങ്ങൾ നിർത്തൽ ചെയ്തു. പ്രസ്തുത ആൾ ഇപ്പോഴും ജമാഅത്ത് അഹ്മദിയ്യായിൽ ആണുതാനും! ഇതിൽ എന്തെങ്കിലും തത്വശാസ്ത്രം ഉണ്ടോ? അവർ എന്റെ അനുചരന്മാരുടെ മേൽ സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിക്കുകയാണ്. ഒരു കുടുംബത്തിൽ ഒരാൾ എന്റെ അനുചരനായാൽ പ്രസ്തുത വ്യക്തയിൽ നിന്നും മുഴുവൻ കുടുംബത്തെയും അകറ്റുന്നതിനുള്ള സമ്മർദ്ദ തന്ത്രം! അവർ ഏതു പാതാളത്തിലാണ് വീണിരിക്കുന്നതെന്ന് നോക്കുക. ലാ ഇക്റാഹഫിദ്ദീൻ എവിടെ പോയി? ദീനിൽ ഒരു നിർബന്ധവുമില്ല എന്ന ഖുർആനിക വചനം എവിടെപോയി?

ജമാഅത്ത് അഹ്മദിയ്യായുടെ ഇന്നത്തെ ഭരണത്തിന് രണ്ടു മുഖങ്ങളാണുള്ളത്. അതിന്റെ ഒരു മുഖം സമാധാനം ആഗ്രഹിക്കുന്ന മുഖം. അതായത് സമാധാനം പ്രബോധിക്കുന്നവർ, അവർക്ക് മറ്റൊരു മുഖം കൂടിയുണ്ട്. ഞാൻ പ്രത്യേകമായി എടുത്തു പറയുന്നത്, ചതിയന്മാരായ ആളുകളെകുറിച്ചാണ്, അവർ ഇപ്പോൾ ജമാഅത്തിന്റെ തലപത്താണ് കുടികൊള്ളുന്നത്. അവരാണ് ജനങ്ങളെ, കുടുംബത്തെ, പീഡിപ്പിക്കുന്നത് വിശ്വാസത്തിന്റെ പേരിൽ! ഇതെന്തൊരു നാണക്കേടാണ്! ആഫ്രിക്കയിൽ അല്ലാഹുവിന്റെ മെഷീൻ പ്രവർത്തനനിരതമാണ്, മറ്റിടങ്ങളിലും അങ്ങനെതന്നെ! നിഷ്ക്കളങ്കരായ അവന്റെ

ദാസന്മാർ പീഡനങ്ങൾ ഏറ്റുവാങ്ങുന്നു. വിശ്വാസത്തിന്റെ പേരിൽ എല്ലാവിധ സമ്മർദ്ദങ്ങളും അവർ ഏറ്റുവാങ്ങുകയാണ്. ഇൻഷാ അല്ലാഹ്. ഇക്കാര്യത്തിൽ അല്ലാഹു(ത) തന്നെ ആയിരിക്കും വിജയശ്രീലാളിതനാകുന്നത്! ലാ ഗാലിബ ഇല്ലല്ലാഹ്. അല്ലാഹുവിനെ അതിജയിക്കുവാൻ മറ്റാരുമില്ല. ഞാൻ എന്റെ അനുചരന്മാരോടു പറയുന്നു. വിശിഷ്യാ പുതുതായി ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചവരോടു പറയുന്നു, നിങ്ങൾ അധൈര്യപ്പെടരുത്, നിങ്ങളുടെ ശക്തി ചോർന്ന് പോകരുത്, നമ്മുടെ യജമാനരായ ഹസ്രത് മുഹമ്മദ് മുസ്തഫ(സ ഏറ്റുവാങ്ങിയ പീഡനങ്ങളെ കുറിച്ച് ചിന്തിക്കുക. അദ്ദേഹത്തിന്റെ കുടുംബവും അനുചരന്മാരും ഏറ്റുവാങ്ങിയ പീഡനങ്ങൾ! ഇന്നും ഇതാ, ഖലീഫത്തുല്ലാഹ്! എല്ലാവിധ പീഡനങ്ങളും ഏറ്റുവാങ്ങുന്നു. ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ ഉറച്ചു നില്ക്കുക. ഇതിലൂടെ, അഹ്മദിയ്യാ ജമാഅത്തിലെ മുല്ലാക്കളുടെ യഥാർത്ഥ മുഖം നിങ്ങൾക്കു കാണുവാൻ കഴിയും. ഇസ്ലാമിന്റെ അധ്യാപനങ്ങളെ ചതിച്ചവരാണവർ! ഹസ്രത് മിർസാഗുലം അഹ്മദ് (അ)ന്റെയും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അധ്യാപനങ്ങളെ! അവർ അവഗണിച്ചിരിക്കുകയാണ്.

നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും അല്ലാഹു(ത) സംരക്ഷിക്കട്ടെ! റൂഹ്ൽ ഖുദ്സുകൊണ്ട് നിങ്ങളെ അവൻ പിന്താങ്ങുകയും, ധൈര്യപ്പെടുത്തുകയും ചെയ്യട്ടെ! സത്യത്തിൽ, നിങ്ങളുടെ വിശ്വാസം സുശക്തമാകട്ടെ! അവൻ അത് നിലനിർത്തട്ടെ! ഈ നൂറ്റാണ്ടിൽ അവൻ നിങ്ങളുടെ മേൽ അവന്റെ അനുഗ്രഹം ചൊരിഞ്ഞിരിക്കുകയാണ്. തികച്ചും അനുഗൃഹീതമായ നൂറ്റാണ്ട്! ഇക്കാര്യം ബുദ്ധിമാന്മാർ മാത്രമെ ഗ്രഹിക്കുകയുള്ളു. ഇൻശാ അല്ലാഹ്! ആമീൻ!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*